പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4293 — 03.02.2014 ൽ മറുപടിയ്ക്ക്

## പിന്നോക്ക സമുദായ വികസന വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. സത്യൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എം. ഹംസ<br>പ്രൊഫ. സി. രവീന്ദ്രനാഥ് | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പിന്നോക്ക സമുദായ വികസന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ ; | (എ) | ഇല്ല. |
| (ബി) | പിന്നോക്കജാതിയിൽപ്പെട്ട പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനായി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ലഭ്യമാക്കിയ 100 കോടി രൂപയിൽ കേവലം പത്തു കോടി രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളു എന്നതിന്റെ കാരണം വിശദീകരിക്കുമോ ? | (ബി) | സ്കോളർഷിപ്പുകൾ അക്കാദമിക് വർഷത്തിന്റെ അവസാന പാദത്തിലാണ് നൽകാറുള്ളത്. 2013-14 - ൽ ഇതു വരെ പത്ത് കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. 100 % കേന്ദ്ര സഹായമുള്ള ഈ പദ്ധതിയ്ക്ക്, കേന്ദ്രവിഹിതമായി ഇതേ വരെ ലഭിച്ചിട്ടുള്ളത് 23.58 കോടി രൂപ മാത്രമാണ്. കേന്ദ്രം അനുവദിക്കുന്ന തുക മുഴുവൻ 2014 മാർച്ച് 31-നകം ചെലവഴിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ